മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മേജറെന്നും മൈനറെന്നും ഡിപ്പാർട്ടുമെൻറുകൾ തമ്മിൽ അംഗീകൃതമായ ഒരു വിവേചനം നിലവിലില്ല.

(ബി) (എ) യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ (ബി) ചോദ്യം ഉദിക്കുന്നില്ല.

റേഷനിംഗും, സിവിൽസപ്ലൈസും.

* 603. [74] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യ നിയന്ത്രണവും, റേഷനിംഗും എന്നാണ് ഗവണ്മെൻറ് ഉപേക്ഷിച്ചത്;

(ബി) സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾ എന്തു ജോലിയാണുള്ളത്;

(സി) ഇപ്പോൾ എത്രപേർ ആ ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗസ്ഥന്മാരായിട്ടുണ്ട്;

(ഡി) പ്രതിമാസം ആ ഡിപ്പാർട്ടുമെൻറിനു വേണ്ടി എന്തു തുക ചെലവാകുന്നുണ്ട്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) 1954 ജൂലായി 10-ാംനു-

(ബി) 1. ഗവണ്മെൻറിൻറെ പക്കൽ സ്റ്റോക്കുണ്ടായിരുന്ന എകദേശം ഒരു ലക്ഷം ടൺ അരി റീകണ്ടീഷൻചെയ്ത് സ്റ്റാൻഡാർഡ് സൈസ് ചെയ്ത് ഇൻഡ്യാഗവണ്മെൻറിൻറെ പക്കൽ ഏൽപ്പിക്കുക.

2. വ്യാപാരികൾക്ക് കെട്ടിവച്ചിരുന്ന ജാമ്യത്തുകകളും, മറ്റു തുകകളും തിരെ കൊടുക്കുക.

3. ഫുഡ് ഡിപ്പാർട്ടുമെൻറിലെ കണക്കുകൾ മുഴുവൻ പൂർത്തിയാക്കുക.

4. മരച്ചീനി ഉൽപ്പാദകരുടെ സഹകരണ സംഘങ്ങളിൽനിന്നും മരച്ചീനി ഡിപ്പോകളിലേയ്ക്ക് വാങ്ങി തീരപ്രദേശങ്ങളിലെ ജനങ്ങൾക്ക് സഹായ നിരക്കിനു വിതരണം ചെയ്യുക.

5. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറ് നിർത്തൽ ചെയ്യുന്നതിനുള്ള മറ്റു പ്രാരംഭ നടപടികളെടുക്കുക.

(സി) ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരുടെ വിവരത്തിനുള്ള ഒരു പട്ടിക † മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ഡി) ശരാശരി 55,000 രൂപ.

Promotion of Teachers.

* 604. [76] SHRI N. PARAMESWARAN PILLAI: Will the Chief Minister be pleased to state:

Is there any discrimination in the matter of promotion to the place of Headmasters of Secondary Schools in the case of male and female teachers?

† Please see Appendix No. IX

LIBRARY ARCHIVES Kerala Legislative Assembly

Chief Minister (SHRI PANAMPILLI GOVINDA MENON): Yes; according to the practice in vogue women teachers were promoted only as Heads of High schools for Girls while men teachers were promoted as Heads of High schools for boys as well as mixed schools. Government have now ordered that senior Lady Graduate teachers whose claims have been passed over on account of the above discrimination will be appointed as Headmistresses of mixed High schools when the girls outnumber boys or form about 75% of the boys as an experimental measure.

UNSTARRED QUESTIONS AND ANSWERS.

രണ്ടാം പഞ്ചവത്സരപദ്ധതി.

282. [1] ശ്രീ. പി. ആർ. മാധവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെട്ടുത്താൻ ഗവണ്മെൻറ് തീരുമാനിച്ചിരിക്കുന്ന പദ്ധതികൾക്ക് മൊത്തം എത്ര ചെലവു വരുമെന്നു പറയുമോ;

(ബി) പബ്ലിക് സെക്ടറിൽപ്പെട്ട പദ്ധതികൾക്ക് എന്തു തുകയാണ് ചെലവാക്കാൻ പോകുന്നതു; പ്രൈവറ്റ് സെക്ടറിലേയ്ക്ക് എത്ര തുകചെലവാക്കാൻ ഉദ്ദേശിക്കുന്നു. ഏതെല്ലാം പദ്ധതികളാണ് രണ്ടിലും ഉൾപ്പെടുത്തിയിട്ടുള്ളതു;

(സി) ഈ പദ്ധതികൾ അംഗീകരിച്ചതു് ഏതടിസ്ഥാനത്തിലാണ്; തിരുവിതാംകൂർ–കൊച്ചിയിലെ എം. പി. മാർ, എം. എൽ. എ. മാർ, പഞ്ചായത്തുകൾ, രാഷ്ട്രീയപാർട്ടികൾ, കർഷകത്തൊഴിലാളി ബഹുജനസംഘടനകൾ എന്നീ ബഹുജന പ്രാതിനിധ്യമുള്ള സംഘടനകളേയും പ്രതിനിധികളേയും സമീപിച്ച് പദ്ധതികളെപ്പറ്റി ചർച്ച ചെയ്ത് അഭിപ്രായം അറിയാൻ ശ്രമിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) കരട പദ്ധതിയനുസരിച്ച് 131.89 കോടി രൂപ.

(ബി) പബ്ലിക് സെക്ടറിൽപ്പെട്ട വ്യാവസായിക പദ്ധതികൾക്കായി 1079.87 ലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ട്.

പ്രൈവറ്റ് സെക്ടർ 400 ലക്ഷം രൂപ അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ ലിസ്റ്റ † മേശപ്പുറത്തു് വച്ചിട്ടുണ്ട്.

(സി) ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാരുടേയും, ഡിസ്ട്രിക്റ്റ് ഡെവലപ്പുമെൻറ് കമ്മിറ്റികളുടേയും, പൊതുജനങ്ങളുടേയും, സ്റ്റേറ്റ് പ്ലാനിംഗ് അഡൈവസറി ബോർഡിൻറേയും നിർദ്ദേശങ്ങളെ ആസ്പദമാക്കിയാണ് ഡ്രാഫ്റ്റ് തയ്യാറാക്കിയിട്ടുള്ളതു്. തൊഴിലാളി പ്രതിനിധികളുടേയും, വ്യവസായികളുടേയും യോഗങ്ങളിലും ചർച്ച ചെയ്തിട്ടുണ്ട്. തദ്ദ്വാരാ പൊതുജനങ്ങളുടേയും, എം. പി., എം. എൽ. എ. തുടങ്ങിയവരുടേയും, സംഘടനകളുടേയും, അഭിപ്രായങ്ങൾ ആരായുവാൻ ശ്രമിക്കുകയുണ്ടായിട്ടുണ്ട്.

† Please see Appendix No. X

LIBRARY ARCHIVES Kerala Legislative Assembly